ചെയ്തിട്ടില്ല. തൻമൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന യാത്രദുരിതങ്ങളും വെള്ളക്കെട്ടുകൾ മൂലമുള്ള ബുദ്ധിമുട്ടുകളും അവസാനിപ്പിച്ച് ചെമ്പിശ്ശേരി മേൽപ്പാലത്തിന്റെ പണി ഉടനടി പുനരാരംഭിക്കാൻ വേണ്ട സത്വരനടപടി കൈക്കൊള്ളണമെന്ന് ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): സർ, റെയിൽവേ മേൽപ്പാലത്തിന്റെ പണി 2003 ആഗസ്റ്റിൽ മാത്രമാണ് ആരംഭിക്കാൻ സാധിച്ചത്. റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കാത്തതുകൊണ്ടാണ് റെയിൽവേ മേൽപ്പാലത്തിന്റെ പണിക്ക് കാലതാമസം ഉണ്ടായത്. പക്ഷേ അപ്രോച്ച് റോഡിന്റെ പണികളിൽ സിംഹഭാഗവും പൂർത്തിയായിട്ടുണ്ട്. മേൽപ്പാലത്തിന്റെ പണി ത്വരിതഗതിയിൽ നടന്നു വരവേ 2004 മാർച്ച് മാസം 16-ാം തീയതി പാലത്തിന്റെ ഗട്ടർ തകർന്നു വീഴുകയും കരാർ സ്ഥാപനത്തിലെ മൂന്ന് തൊഴിലാളികൾ മരിക്കാൻ ഇടയാവുകയും ചെയ്തു. തുടർന്ന് പണികൾ തടസ്സപ്പെട്ടു. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ ഉടനെ ഉത്തരവാകുകയും ഇതിനായി നിയോഗിച്ച കമ്മീഷൻ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാർ ഇപ്പോൾ പരിശോധിച്ചു വരുകയാണ്. കരാർ ഏറ്റിരുന്ന സ്ഥാപനത്തിന് ശേഷിക്കുന്ന പണികൾ ചെയ്യാൻ കഴിയാത്തതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പുന:ക്രമീകരണം നടത്തി അവശേഷിക്കുന്ന പണികൾ മറ്റൊരു കരാറുകാരനെക്കൊണ്ട് ചെയ്തു തീർപ്പിക്കുന്നതിനുള്ള നടപടി എടുത്തു കഴിഞ്ഞു. അപ്രോച്ച് റോഡിന്റെ പണികൾ പൂർത്തിയായി. 2005 മാർച്ച് മാസത്തോടെ മേൽപ്പാലം ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) മായന്നൂർ പാലം പണി

ശ്രീ. വി. സി. കബീർ : സർ, 24 കൊല്ലം മുൻപ് ഈ നിയമസഭയിൽ ആദ്യമായി ഞാൻ വന്നപ്പോൾ ആവശ്യപ്പെട്ട ഒരു കാര്യമാണ് വീണ്ടും ഉന്നയിക്കുന്നത്. ഇപ്പോഴത്തെ മരാമത്ത് വകുപ്പുമന്ത്രിയുടെ പിതാവ് പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച ഫയലിന്റെ അന്ത്യം കുറിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഒറ്റപ്പാലം-മായന്നൂർ പാലം വളരെക്കാലമായി ഈ സഭയിൽ ഉന്നയിക്കുന്നതാണ്. എന്റെ സ്നേഹിതൻ ചേലക്കര എം.എൽ.എ. ശ്രീ. രാധാകൃഷ്ണനും ഞാനും കഴിഞ്ഞ പ്രാവശ്യം ഗവൺമെന്റിൽ ഉണ്ടായിരുന്നപ്പോൾ പാലം പണി ആരംഭിച്ചു. വളരെ ഗംഭീരമായി സമാപിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു. നിർഭാഗ്യമെന്ന് പറയട്ടെ, ഒറ്റപ്പാലം-മായന്നൂർ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. അതുകൊണ്ട് ഞങ്ങൾ രണ്ട് പേരുംകൂടി അവിടത്തെ ജനങ്ങളുടെ പേരിൽ അപേക്ഷിക്കുന്നു, അങ്ങയുടെ പിതാവിന്റെ കാലത്ത് ആരംഭിച്ച ആ പാലം പണി അങ്ങയുടെ കാലത്ത്, ഈ രണ്ടു കൊല്ലത്തിനകമെങ്കിലും പൂർത്തിയാക്കി, അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ അവസരമുണ്ടാക്കണം. അതിന് ആവശ്യമായ ഫണ്ട് എവിടെനിന്നെങ്കിലും കണ്ടെത്തി പാലം പണി പൂർത്തിയാക്കിത്തരണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ) : സർ, ഭാരതപ്പുഴയ്ക്ക് കുറുകെ മായന്നൂർ പാലത്തിന്റെ പണി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചത്. കരാർ പ്രകാരം 17-1-2002-ൽ പണി പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ വെള്ളപ്പൊക്കം കാരണം പണി തടസ്സപ്പെടുകയും ഡെസ്ക് സ്ലാബിന്റെ ഡിസൈൻ പുതുക്കിയതുകാരണം സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി തേടേണ്ടി വരികയും ചെയ്തു. പാലത്തിന്റേയും തൂണുകളുടേയും മായന്നൂർ ഭാഗത്തെ ബോക്സ് ഗർഡർ ഡെസ്ക് സ്ലാബിന്റെയും പണി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണികൾ നടന്നു വരുന്നു. പണി ചെയ്ത വകയിൽ 270 ലക്ഷത്തിലധികം രൂപ കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകാനുണ്ട്. കൂടാതെ റെയിൽവേ പാലം കൂടി വരുന്നതിനാൽ റെയിൽവേ നൽകിയ എസ്റ്റിമേറ്റ് തുകയായ 284 ലക്ഷം രൂപ കൂടി അടയ്ക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക പരാധീനതകൾ പാലത്തിന്റെ നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഹഡ്കോയിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. നബാർഡിൽ നിന്നും തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. അതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിൽ സമർപ്പിച്ചു. അതിനോടനുബന്ധിച്ച് 12-3-2004-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ വി. സി. കബീർ, കെ. രാധാകൃഷ്ണൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നബാഡിലെ ഉദ്യോഗസ്ഥൻമാർ പാലം പണി പരിശോധിക്കുകയും ധനസഹായം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എല്ലാ തടസ്സങ്ങളും നീക്കി പാലംപണി എത്രയും വേഗം പൂർത്തിയാക്കാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് ഈ വരുന്ന മാസം അവസാനം ലഭിക്കും. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് തീർച്ചയായും അവർ ഇതിൽ ഉൾപ്പെടുത്തും എന്ന ശുഭാപ്തിവിശ്വാസത്തിലാണ്. അത് വന്നുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കാനുള്ള നടപടിയെടുക്കുന്നതാണ്.

(3) നെടുമങ്ങാട് റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 1995-ൽ പണി ആരംഭിച്ച റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 9 വർഷങ്ങളായിട്ടും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കാരുകാരന്റെ അനാസ്ഥ മൂലമാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നത്. പ്രസ്തുത കരാർ റദ്ദ് ചെയ്ത് റീ-ടെന്റർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് കഴിഞ്ഞ രണ്ട് സഭാ സമ്മേളനങ്ങളിലും എന്റെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നതാണ്. എന്നാൽ യാതൊരു ഫലവും ഉണ്ടായിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി, മന്ത്രി ഉന്നതതല യോഗം വിളിച്ചുചേർത്ത് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.